"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ - പ്രവർത്തന മൂലധനത്തിനുള്ള സാമ്പത്തിക സഹായമായി 60 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1038/2023/ID തീയതി,തിരുവനന്തപുരം, 07-10-2023

പരാമർശം:-

1. സ.ഉ(സാധാ)നം.491/2023/ഐഡി തീയതി 27.05.2023.
2. സ.ഉ(സാധാ)നം.596/2023/ഐഡി തീയതി 20.06.2023.
3. സ.ഉ(സാധാ)നം.900/2023/ഐഡി തീയതി 05.09.2023.
4. കേരള സ്റ്റേറ്റ് ബാംബൂകോർപ്പറേഷൻ എം.ഡി യുടെ 29.05.2023 ലെ കെഎസ്.ബിസി/എംഡി/2023-24/2057 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിന് പ്രവർത്തന മൂലധനത്തിനുള്ള സാമ്പത്തിക സഹായമായി 300 ലക്ഷം രൂപ (മൂന്ന് കോടി രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കുകയും അതിൽ 140 ലക്ഷം രൂപ (ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം) പരാമർശം (2) പ്രകാരവും 60 ലക്ഷം രൂപ പരാമർശം (3) പ്രകാരവും പ്രവർത്തന മൂലധനമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബാക്കിയുള്ള 100 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകുന്നതിനായി ബാംബൂ കോർപ്പറേഷൻ എം.ഡി പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് പ്രവർത്തന മൂലധനത്തിനുള്ള സാമ്പത്തിക സഹായമായി 27.05.2023 -ലെ സ.ഉ(സാധാ)നം.491/2023/വ്യവ ഉത്തരവിലെ വ്യവസ്ഥകൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി "6851-00-190-86(P)" എന്ന ശീർഷകത്തിൽ നിന്നും 60 ലക്ഷം രൂപ (അറുപതു ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് നല്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു:

1.സ.ഉ.(അച്ചടി)നം.62/2018/ധന. തീയതി 16.04.2018, സ.ഉ(കൈ) നം.88/2018/ധന. തീയതി 11.06.2018, സ.ഉ(അച്ചടി)നം.100/2018/ധന. തീയതി 03.07.2018, സർക്കുലർ നം.53/2018/ധന തീയതി 16.06.2018 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് തുക PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

2.സർക്കുലർ നമ്പർ.84/08/ധന തീയതി 09/12/2008, സർക്കുലർ നമ്പർ.75/09/ധന തീയതി 29/08/2009 എന്നിവയിലെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

3.ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

4.പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച് സ.ഉ.(അച്ചടി)നം. 88/2018/ധന തീയതി 11.06.2018, സ.ഉ(കൈ)നം.100/2018/ധന. തീയതി 03.07.2018 എന്നിവയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

5. അനുവദിച്ചിരിക്കുന്ന വായ്പ 'Working Capital Loan' ആയി കണക്കാക്കേണ്ടതാണ്.

6.വായ്പ കാലാവധി 5 വർഷം ആയിരിക്കും.

7.ലോൺ എടുത്തതിന്റെ ഒന്നാം വാർഷികത്തിൽ വായ്പ തിരിച്ചടവ് ആരംഭിക്കും.

8.സ.ഉ(അച്ചടി)നം.169/2018/ധന. തീയതി.16.05.2018 പ്രകാരം പലിശ നിരക്ക് പ്രതിവർഷം 9.5% ആയിരിക്കും.

9.വായ്പ പലിശ സഹിതം തുല്യ ത്രൈമാസ ഗഡുക്കളായി തിരിച്ചടയ്ക്കുകയും വ്യവസായ വാണിജ്യ ഡയറക്ടർ അത് നിരീക്ഷിക്കേണ്ടതുമാണ്.

10.വീഴ്ച വരുത്തിയാൽ, സാധാരണ പലിശ നിരക്കിന് പുറമെ പ്രതിവർഷം 2.50% പിഴപ്പലിശ ഈടാക്കുന്നതാണ്.

11.തുക സർക്കാരിൽ നിന്നുള്ള വായ്പയായി കോർപ്പറേഷന്റെ അക്കൗണ്ടിൽ കാണിക്കേണ്ടതാണ്.

12.മുതലിന്റെയും പലിശയുടെയും കൃത്യമായ തിരിച്ചടവ് നിശ്ചയിച്ചിട്ടുള്ളതിനാൽ നിർദ്ദേശിക്കപ്പെട്ട പലിശ നിരക്കിൽ യാതൊരു സാഹചര്യത്തിലും വീണ്ടും നിരക്കിളവ് അനുവദിക്കുന്നതല്ല.

13.മുമ്പ് അനുവദിച്ച തുകയിൽ ചിലവഴിക്കാതെ ബാക്കി ഉണ്ടെങ്കിൽ അത് നിലവിലെ ഫണ്ടിൽ ക്രമീകരിച്ചു എന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

14.സർക്കുലർ നമ്പർ.40/13/ധന തീയതി 27/04/2013 നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും / നടപടികളും സൂക്ഷ്മമായി പാലിക്കേണ്ടതാണ്.

15.നിശ്ചിത കാലയളവിനുള്ളിൽ പലിശ സഹിതം വായ്പയുടെ വേഗത്തിലുള്ള തിരിച്ചടവ് ഉറപ്പാക്കുന്നതിനുള്ള ശരിയായ സംവിധാനം വ്യവസായ വാണിജ്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

16.തുടർന്നുള്ള ഫണ്ട് റിലീസിനായുള്ള ശിപാർശയോടൊപ്പം ഘടകാടിസ്ഥാനത്തിലുള്ള ചെലവുകൾ ഉൾപ്പെടുത്തിയ വിനിയോഗ സർട്ടിഫിക്കറ്റ് സ.ഉ.(കൈ) നം.4/2020/ധന തീയതി 09/01/2020 ഉത്തരവിനൊപ്പം ചേർത്തിരിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ നൽകണം.

3. വ്യവസായ വാണിജ്യ ഡയറക്ടർ/അഡിഷണൽ ഡയറക്ടർ പ്രസ്തുത തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ / അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, അങ്കമാലി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടണ്ട് ജനറൽ (ഓഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം
ജില്ല ട്രഷറി ഓഫീസർ, തിരവനന്തപുരം
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം
സി.ഇ.ഒ, കോ-ബിപ്പ്, തിരുവനന്തപുരം
നോഡൽ ഓഫീസർ, ബഡ്ജറ്റ് മോണിറ്ററിംഗ് സെൽ
ധന (PUD) വകുപ്പ് (vid U.O No.2444739/PU-D3/77/2023-FIN തീയതി 24-09-2023)
ധന (GIMC) വകുപ്പ്
ഡയറക്ടർ, I&PRD
സ്റ്റോക്ക് ഫയൽ (K1/137/2023)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
സെക്ഷൻ ഓഫീസർ
Date: 09-10-2023 10:49:40